'ഭരണഭാഷ-മാതൃഭാഷ'

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

തൈക്കാട്, തിരുവനന്തപുരം-14.

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം

(നിലവിൽ: എൻ.പ്രശാന്ത് ഐഎഎസ്)

**വിഷയം:-** വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം- എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിലെ സ്ഥലംമാറ്റവും സ്ഥാനക്കയറ്റവും- ഉത്തരവ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

**പരാമർശം:-** എ3/16673/10-ാം നമ്പർ 20/10/11 ലെ സ്റ്റോർ അറ്റൻഡർ മാരുടെ അന്തിമ ഗ്രഡേഷൻ ലിസ്റ്റ്.

*****************

## ഉത്തരവ് നമ്പർ: എ3/4372/09 തീയതി:29/10/2013

വകുപ്പിൽ ലോവർ ഡിവിഷൻ സ്റ്റോർ കീപ്പർ (എൽ.ഡി.എസ്.കെ) തസ്തികയിൽ നിലവിൽ ഒരൊഴിവാണ് ഉള്ളത്. ചാക്ക ഐ.ടി.ഐയിലാണ് ടി ഒഴിവ് നിലവിലുള്ളത്. ടി ഒഴിവിലേയ്ക്ക് സ്ഥാനക്കയറ്റത്തിനായി പരിഗണിയ്ക്കേണ്ടത് ഏറ്റുമാനൂർ ഐ.ടി.ഐയിലെ സ്റ്റോർ അറ്റൻഡറായ ശ്രീ.സജി.ഇ.എം നാണ്. ടിയാന്റെ സ്റ്റോർ അറ്റൻഡർ തസ്തികയിലെ സീനിയോരിറ്റി എ3/4373/09-ാം നമ്പർ 12/12/11 ലെ നടപടിക്രമ പ്രകാരം ക്രമ നമ്പർ 177 ശ്രീ.രാജീവ്.ആർ നും ക്രമ നമ്പർ 178 ശ്രീകൃഷ്ണൻ.വി.കെ യ്ക്കും മദ്ധ്യേ ക്രമീകരിച്ചിരുന്നു. എന്നാൽ സ്ഥാനക്കയറ്റം നൽകുന്നതിനു മുൻപ് സ്ഥലം മാറ്റത്തിനായി അപേക്ഷ നൽകിയിട്ടുള്ള എൽ.ഡി.എസ്.കെ മാരെ പരിഗണിയ്ക്കേണ്ടതുണ്ട്. സ്ഥലംമാറ്റത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| *ക്രമ നം* | *പേര്, തസ്തിക* | *നിലവിൽ സേവനത്തിലുള്ള സ്ഥാപനം* | *സ്ഥലംമാറ്റത്തിനായി അപേക്ഷിച്ചിരിയ്ക്കുന്ന സ്ഥാപനം* |
|---|---|---|---|
| 1 | ബഷീറാബീവി.ജെ<br>എൽ.ഡി.എസ്.കെ | ഐ.ടി.ഐ പുറക്കാട് | ഐ.ടി.ഐ ചാക്ക |
| 2 | അനിൽകുമാർ.എം<br>എൽ.ഡി.എസ്.കെ | ഐ.ടി.ഐ കൽപ്പറ്റ | തിരുവനന്തപുരം ജില്ല |
| 3 | ജയചന്ദ്രൻ.സി.പി<br>എൽ.ഡി.എസ്.കെ | ഐ.ടി.ഐ പുഴക്കാട്ടിരി | ഐ.ടി.ഐ ചേർപ്പ് |
| 4 | സതീഷ്കുമാർ.വി.കെ<br>എൽ.ഡി.എസ്.കെ | ഐ.ടി.ഐ കുഴൽമന്ദം | ഐ.ടി.ഐ ചാക്ക |
| 5 | ഷൺമുഖൻ,ആർ.<br>എൽ.ഡി.എസ്.കെ | ഐ.ടി.ഐ നിലമ്പൂർ | പാലക്കാട് ജില്ല |
| 6 | അബ്ദുൾ ലത്തീഫ്<br>എൽ.ഡി.എസ്.കെ | എ.വി.ടി.എസ്. കളമശ്ശേരി | കൊല്ലം ജില്ല /<br>ഐ.ടി.ഐ പുറക്കാട് |

ജീവനക്കാരുടെ അപേക്ഷകൾ പരിഗണിച്ച് നിലവിലെ ചട്ടങ്ങൾക്കനുസൃതമായി താഴെ പറയുന്ന പ്രകാരം സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം | പേര്, തസ്തിക | നിലവിൽ സേവനത്തിലുള്ള സ്ഥാപനം | സ്ഥലംമാറ്റി, നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | സതീഷ്കുമാർ.വി.കെ<br>എൽ.ഡി.എസ്.കെ | ഐ.ടി.ഐ കുഴൽമന്ദം | ഐ.ടി.ഐ ചാക്ക |
| 2 | ഷൺമുഖൻ.ആർ.<br>എൽ.ഡി.എസ്.കെ | ഐ.ടി.ഐ നിലമ്പൂർ | ഐ.ടി.ഐ കുഴൽമന്ദം |

മേൽ പറഞ്ഞ സ്ഥലമാറ്റങ്ങൾക്കു ശേഷം എൽ.ഡി.എസ്.കെ തസ്തികയിൽ ഒഴിവ് നിലവിൽ വരുന്ന നിലമ്പൂർ ഐ.ടി.ഐയിൽ ഏറ്റുമാനൂർ ഐ.ടി.ഐയിലെ സ്റ്റോർ അറ്റൻഡറായ സജി.ഇ.എം ന് KS&SSR ലെ പൊതു ചട്ടം 28B(ii) പ്രകാരം 9940-16580 രൂപാ ശമ്പള നിരക്കിൽ എൽ.ഡി.സ്റ്റോർ കീപ്പർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

എ3/4372/09 തീയതി 01/01/13, 08/05/13, 27/08/13 പ്രകാരം പുറപ്പെടുവിച്ച സ്ഥാനക്കയറ്റ ഉത്തരവുകളിലെ ശമ്പളസ്കെയിലും 9940-16580 രൂപയാക്കി തിരുത്തുന്നു.

സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരെ വിടുതൽ ചെയ്ത വിവരവും സേവനത്തിൽ പ്രവേശിച്ച വിവരവും ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഈ കാര്യാലയത്തെ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ ഓഫ് ട്രെയിനിംഗ്

ബന്ധപ്പെട്ട ജീവനക്കാർക്ക്
*പകർപ്പ്:-* 1. വകുപ്പ് വെബ്സൈറ്റ്
2. എസ്.എഫ് (എ3)

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്

എ-30-10-13